Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

# STATE POLICE MEDIA CENTRE
## KERALA POLICE

No.208/PR/SPMC/PHQ/2025 Date: 30.07.2025

### 112 സേവനം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടി

അടിയന്തിര ഘട്ടങ്ങളിൽ സഹായം ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന ഫോൺ സന്ദേശങ്ങൾ സ്വീകരിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ ആവശ്യക്കാർക്ക് സേവനം ഉറപ്പുവരുത്തുന്നതിനാണ് പൊലീസ് ആസ്ഥാനത്ത് 112 (Emergency Response Support System) എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സംവിധാനം 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്.

എന്നാൽ പൊതുജനങ്ങളിൽ നിന്നുമുണ്ടാകുന്ന നിരുത്തരവാദിത്തപരമായ സമീപനങ്ങൾ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെയാണ് ബാധിക്കുന്നത്.

സഭ്യമല്ലാത്തതും അനാവശ്യവുമായ നിരവധി കോളുകളാണ് 112ലേക്ക് ദൈനംദിനം വരുന്നത്.

ഇത്തരത്തിൽ സേവനങ്ങൾ ദുരൂപയോഗം ചെയ്യപ്പെടുന്നതിലൂടെ അടിയന്തിരസഹായം ആവശ്യപ്പെട്ട് വിളിക്കുന്ന വ്യക്തികൾക്ക് ലഭിക്കേണ്ട സഹായം വൈകുന്നതിനോ നഷ്ടപ്പെടുന്നതിനോ കാരണമാകാം.

അടിയന്തിരഘട്ടങ്ങളിൽ പോലീസിനെ ബന്ധപ്പെടാനുള്ള ഇത്തരം സേവനങ്ങളുടെ ദുരുപയോഗം ശിക്ഷാർഹമാണ്. ആയതിനാൽ ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

************************